# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4568 — 29.06.2012 ൽ മറുപടിക്ക്

### സംസ്ഥാനത്ത് യു.എ.ഇ. കോൺസുലേറ്റ് ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി,<br>ശ്രീ. വി. ഡി. സതീശൻ. | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ സംസ്ഥാനത്ത് യു.എ.ഇ. കോൺസുലേറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് യു.എ.ഇ. കോൺസുലേറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു ശുപാർശ പരിഗണനയിലുണ്ടെന്ന് 07/02/2012 ലെ കത്ത് പ്രകാരം കേന്ദ്ര വിദേശകാര്യ മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാർ ഇതിനുവേണ്ട എല്ലാ സഹായ സഹകരണവും വാഗ്ദാനം ചെയ്ത് വിദേശ കാര്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) എവിടെയാണ് കോൺസുലേറ്റ് സ്ഥാപിക്കുന്നത്; | (ബി) എവിടെയാണ് കോൺസുലേറ്റ് സ്ഥാപിക്കുന്നതെന്ന് അന്തിമ തീരുമാനം അറിവായിട്ടില്ല. |

(സി) കോൺസുലേറ്റ് ആരംഭിക്കുന്നത് മൂലം എന്തെല്ലാം നേട്ടങ്ങളാണ് മലയാളികൾക്ക് ലഭിക്കുന്നത്;

(സി എംബസി മുഖാന്തിരമുള്ള നടപടിക്രമങ്ങൾക്കായി അന്യസംസ്ഥാനങ്ങളിൽ പോകാതെ കേരളത്തിൽ തന്നെ ഇവ പൂർത്തികരിക്കാൻ സാധിക്കും. വിദേശത്ത് ജോലി തേടുന്നവരുടെയും, പ്രവാസികളുടെയും ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ സാധിക്കും.

(ഡി) പ്രസ്തുത കോൺസുലേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുമോ ?

(ഡി) കോൺസുലേറ്റ് ആരംഭിക്കുന്ന കാര്യം കേന്ദ്ര വിദേശകാര്യ മന്ത്രാലയം പരിഗണിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ